"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ ( PM- JANMAN) പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 351.67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കൊണ്ടും, ടി തുക അനുവദിച്ചും, ഈ വിഷയത്തിന്മേലുള്ള മുൻ ഉത്തരവ് റദ്ദാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.592/2024/LSGD തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:-
1. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 08.12.2023 ലെ L-12051/01/2013-RH നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.12.2023 ലെ LSGD/PD/69320/2023-CSSA1 നമ്പർ കത്ത്.
3. 20.02.2024 ലെ സ.ഉ.(സാധാ) നം. 1574/2024/ധന.
4. 21.02.2024 ലെ സ.ഉ.(സാധാ) നം. 1595/2024/ധന.
5. 06.03.2024 ലെ സ.ഉ.(സാധാ) നം. 545/2024/തസ്വഭവ.

**ഉത്തരവ്**

രാജ്യത്തൊട്ടാകെയുള്ള വിവിധ 'Particularly Vulnerable Tribal Group' എന്ന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ( PM- JANMAN). പദ്ധതിയുടെ പരിധിയിൽ 18 സംസ്ഥാനങ്ങളിലെ 220 ജില്ലകളിലുള്ള (22,544 വില്ലേജുകൾ) PVTG ഗ്രൂപ്പുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ മലപ്പുറം. പാലക്കാട്, വയനാട്, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ അധിവസിക്കുന്ന PVTG ഗ്രൂപ്പുകളെയാണ് പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്തിട്ടുള്ളത്. ടി വിഭാഗത്തിലെ 1641 ഗുണഭോക്താക്കളെയാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളത്. 509 വീടുകളുടെ ടാർജറ്റാണ് 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. 2026 മാർച്ച് വരെയാണ് പദ്ധതിയുടെ കാലാവധി.

കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും PM- JANMAN പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്തണമെന്ന് പരാമർശം 1 പ്രകാരം കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ആവശ്യപെട്ടിരുന്നു. 2023-2024, 2024-25, 2025-26 വർഷത്തേക്ക് ആവശ്യമായ Budget Provision നൽകിക്കൊണ്ട് പുതിയ ബഡ്ജറ്റ് ലൈൻ, Seperate State linked Scheme എന്നിവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, PM - JANMAN പദ്ധതിയ്ക്കായി ഒരു ദേശസാത്കൃത ബാങ്കിൽ പുതിയ SNA അക്കൗണ്ട് തുടങ്ങുന്നതിനു നിർദ്ദേശിച്ചിട്ടുള്ളതിനാൽ

പുതിയ SNA അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിക്കായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 2501-06-796-95 (01), 2501-06-796-95(02) ശീർഷകങ്ങൾ പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ ( PM- JANMAN) പദ്ധതിയിൽ ഉൾപെടുത്തി യഥാക്രമം കേന്ദ്ര വിഹിതം സംസ്ഥാന വിഹിതം എന്നിവയിൽ 211 ലക്ഷം, 140.67 ലക്ഷം രൂപ പരാമർശം 3,4 പ്രകാരം അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'Particularly Vulnerable Tribal Group' എന്ന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ ( PM- JANMAN) പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷം 2501-06-796-95 (01) ശീർഷകത്തിൽ അനുവദിച്ച 211 ലക്ഷം രൂപയും 2501-06-796-95(02) ശീർഷകത്തിൽ അനുവദിച്ച 140.67 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകികൊണ്ടും, പ്രസ്തുത തുക താഴെ പറയും പ്രകാരം അനുവദിച്ചുകൊണ്ട്, പി എം എ വൈ (ജി) യുടെ സ്റ്റേറ്റ് നോഡൽ ബാങ്ക് അക്കൗണ്ടിലേക്ക് ( SBI തിരുവനന്തപുരം മെയിൻ ശാഖ അക്കൗണ്ട് നമ്പർ :67331730331, IFSC SBIN0070028 ) മാറ്റുവാൻ ഗ്രാമ വികസന കമ്മീഷ്ണറെ ചുമതലപെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കാറ്റഗറി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|
| 2501-06-796-95 (01) | 21100000 | 0 | 21100000 |
| 2501-06-796-95 (01) | 0 | 14067000 | 14067000 |
| ആകെ | 21100000 | 14067000 | 35167000 |

ഈ വിഷയത്തിൽ മുമ്പ് പുറപ്പെടുവിച്ച പരാമർശം 5 ലെ ഉത്തരവിൽ തുക അനുവദിച്ച ശീർഷകത്തിൽ തെറ്റ് കടന്നുകൂടിയതിനാൽ ആ ഉത്തരവ് റദ്ദാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba S C

Date: 13-03-2024 15:25:32

സെക്ഷൻ ഓഫീസർ